സർക്കാർ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി

*17 [525] ശ്രീ. എ. എൻ. രാജൻബാബു:

,, ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ഫാർമസികളിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ മുഴുവൻ ലഭ്യമാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫാർമസികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(ഡി) മരുന്നുകളുടെ വിതരണം ഫലപ്രദമാക്കുന്നതിനും, ലഭ്യത എല്ലായ്പ്പോഴും ഉറപ്പുവരുത്തുന്നതിനും താലൂക്ക് തലത്തിൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ചുരുക്കം ചില മരുന്നുകൾ ലഭ്യമാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ സർക്കാർ ആശുപത്രികളിലേക്കാവശ്യമായ മരുന്നുകളും മറ്റു അനുബന്ധ സാമഗ്രികളും വാങ്ങുന്നത് സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി 2004 ഒക്ടോബർ 7-ാം തീയതി പുറപ്പെടുവിച്ച മരുന്ന് വാങ്ങൽ നയം അനുസരിച്ചാണ് 2005-06 കാലയളവ് മുതൽ മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നത്. ആയതിനാൽ ഫാർമസികളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുന്നതാണ്. കൂടാതെ ഫാർമസികളിലെ മരുന്നുകൾ സംഭരിച്ചു വയ്ക്കുന്ന സംവിധാനം (Storage conditions) മെച്ചപ്പെടുത്തുന്നതിനും കമ്പ്യൂട്ടറൈസ്ഡ് ഇൻവെന്ററിമാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ നിലവിലുള്ള ജില്ലാതല മെഡിക്കൽ സ്റ്റോറുകൾ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. താലൂക്ക് തലത്തിൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly